(സി) തൊഴിലെടുത്ത് ജീവിക്കുന്ന പാവപ്പെട്ടവരുടെ ഭാഗത്തു നിന്നും ഉണ്ടാകുന്ന നിസ്സാര കുറ്റങ്ങൾക്ക് തുടർന്ന് അപ്രകാരം പ്രവർത്തിക്കാതിരിക്കാൻ താക്കീതു നൽകിവരുന്നുണ്ട്.

ശ്രീനിവാസ് ഫൈനാൻസിയേഴ്സ് കൊള്ളയടിച്ചവരെ അറസ്റ്റ് ചെയ്യാൻ നടപടി

92(833) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിൽ ചെന്നിത്തല ജവഹർ നവോദയ വിദ്യാലയത്തിന് എതിർവശം ഷോപ്പിംഗ് കോംപ്ലക്സിൽ പ്രവർത്തിക്കുന്ന ശ്രീനിവാസ് ഫൈനാൻസിയേഴ്സ് എന്ന സ്ഥാപനം 10.1.97-ൽ കൊള്ളയടിച്ച കേസ്സിലെ പ്രതികളെ പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ടോ;

(ബി) ഈ കേസ് അന്വേഷണം ത്വരിതപ്പെടുത്തുന്നതിനും എത്രയും വേഗം പ്രതികളെ പിടിക്കുന്നതിനും സർക്കാർ നടപടിയെടുക്കുമോ?

ഉത്തരം

(എ)&(ബി) ഈ കേസ്സിലെ പ്രതികളെ അറസ്റ്റ് ചെയ്യുന്നതിനായി ഊർജ്ജിതമായ അന്വേഷണം നടന്നുവരുന്നു.

ചിറ്റുപറമ്പിൽ റോസമ്മയും രണ്ടു കുട്ടികളും വധിക്കപ്പെട്ട സംഭവം

93(834) ശ്രീ. കെ.കെ. രവീന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിൽപ്പെട്ട മാനന്തവാടിക്കടുത്ത് കുഴിനിലം എന്ന സ്ഥലത്ത് ചിറ്റുപറമ്പിൽ ജോസിന്റെ ഭാര്യ റോസമ്മയും രണ്ടു കുട്ടികളും വധിക്കപ്പെട്ട സംഭവത്തിന്റെ അന്വേഷണം ഇപ്പോൾ ഏതു ഘട്ടത്തിലായിട്ടുണ്ട്;

(ബി) ഈ കേസ് ചാർജ്ജ് ചെയ്യുകയോ പ്രതികളെ കണ്ടുപിടിക്കുകയോ ചെയ്തിട്ടുണ്ടോ;

(സി) ഈ കേസിന്റെ അന്വേഷണം സി.ബി.ഐ.യെ ഏൽപ്പിക്കുവാൻ സർക്കാർ തയ്യാറാകുമോ?

ഉത്തരം

(എ) കോഴിക്കോട് ക്രൈം ബ്രാഞ്ച് അന്വേഷിച്ചിരുന്ന പ്രസ്തുത കേസിൽ 797 സാക്ഷികളെ ചോദ്യം ചെയ്തിട്ടുള്ളതും കൊലപാതകശ്രമത്തിനിടെ രക്ഷപ്പെട്ട കുട്ടി പറഞ്ഞ വിവരണത്തിന്റെ അടിസ്ഥാനത്തിൽ വരച്ച് "ഫാക്ടിസിമിലി" ഉപയോഗിച്ച് പ്രതിയെ തിരിച്ചറിയാനുള്ള ശ്രമം നടത്തിവരുന്നു.

(ബി) പ്രതികളെ കണ്ടെത്തിയിട്ടില്ല കേസ് ക്രൈം ബ്രാഞ്ച് അന്വേഷിച്ചുവരുന്നു.

(സി) നിർദ്ദേശം നിലവിലില്ല.

LIBRARY ARCHIVES Kerala Legislative Assembly